Janayugom
03.11.17

# കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് പരിഹരിക്കാൻ മന്ത്രി വിളിപ്പുറത്ത്

തിരുവനന്തപുരം: കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടുകേട്ട് പരിഹാരം കാണാനായി കൃഷി മന്ത്രി ഇനിമുതൽ വിളിപ്പുറത്ത്. എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച വൈകുന്നേരം 5.30 മുതൽ 6.30 വരെ കർഷകർക്ക് 18004251661 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് കൃഷി മന്ത്രി വി എസ് സുനിൽകുമാറുമായി സംസാരിക്കാനുള്ള പുതിയ സംവിധാനത്തിന് തുടക്കം കുറിച്ചു.

കൃഷി മന്ത്രി വിളിപ്പുറത്ത് എന്ന പരിപാടി ആനയറ വേൾഡ് മാർക്കറ്റിൽ നടന്ന ചടങ്ങിൽ മന്ത്രി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ തെങ്ങിൻ തൈയ്ക്ക് വെള്ളമൊഴിച്ചുകൊണ്ടായിരുന്നു കൃഷി മന്ത്രി പദ്ധതി ഉദ്ഘാടനം



ആനയറ വേൾഡ് മാർക്കറ്റ് ഹാളിൽ കൃഷി മന്ത്രി വിളിപ്പുറത്ത് എന്ന പരിപാടി മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

നിർവ്വഹിച്ചത്. ടോൾഫ്രീ നമ്പറിൽ വിളിച്ച കർഷകരുമായി അദ്ദേഹം സംവദിച്ചു.

കാർഷിക ഗവേഷണങ്ങളുടെ ഫലം കൃഷിക്കാരിലേക്ക് എത്തണമെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയവത്കരിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. ഇതിന്റെ ഭാഗമായാണ് കൃഷി മന്ത്രി വിളിപ്പുറത്ത് എന്ന പരിപാടി ആരംഭിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കർഷകർക്ക് തങ്ങളുടെ പ്രശ്നങ്ങൾ 944706 1661 എന്ന നമ്പറിൽ വാട്സ് ആപ്പ് ചെയ്യുകയോ info@krishi.info എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കുകയോ ചെയ്യാം.

കാർഷികോത്പാദന കമ്മീഷണർ ടീക്കാറാം മീണ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, കാർഷിക സർവ്വകാലശാല എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. ജിജു പി അലക്സ് എന്നിവർ സംസാരിച്ചു. കൃഷി വകുപ്പ് ഡയറക്ടർ എ എം സുനിൽകുമാർ ചടങ്ങിന് സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ ഗീതാ ഫീലിപ്പ് നന്ദിയും അറിയിച്ചു.